പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 4779 05/02/2014-ലെ മറുപടിയ്ക്ക്

ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.പി.സി. വിഷ്ണുനാഥ് | ശ്രീ.കെ.പി. മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും,<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) കാർഷിക അനുബന്ധ മേഖലകളിൽ 4% വളർച്ചാ നിരക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. കാർഷിക അനുബന്ധ മേഖലകളിലെ പൊതുമൂലധനനിക്ഷേപം വർദ്ധിപ്പിക്കുക<br>2. സംസ്ഥാന കാർഷിക പദ്ധതികളിൽ പ്രാദേശിക ആവശ്യകത/വിള/മുൻഗണനകൾ എന്നിവ ഫലപ്രദമായി പ്രതിഫലിക്കുന്നത് ഉറപ്പുവരുത്തുക.<br>3. പ്രധാന വിളകളുടെ ഉല്പാദനക്കുറവ് പരിഹരിക്കുന്നതിന് വേണ്ടിയുള്ള ലക്ഷ്യം കൈവരിക്കൽ<br>4. കൃഷിയും അനുബന്ധ മേഖലകളിലെയും കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുക<br>5. കൃഷിയും അനുബന്ധ മേഖലകളിലും ഉൽപാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവ് ഉറപ്പുവരുത്തുക<br>6. ജില്ലാ കാർഷിക പദ്ധതിയും സംസ്ഥാന കാർഷിക പദ്ധതിയും പ്രകൃതിവിഭവങ്ങളുടെയും സാങ്കേതിക വിദ്യയുടെയും ലഭ്യതയ്ക്ക് അനുസൃതമായി തയ്യാറാക്കുക. |

ബി) ഈ പദ്ധതിയനുസരിച്ച് സബ്സിഡിയോടെ ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് 42 ജൈവശ്രീ ബസാറുകൾ അനുവദിച്ചതിൽ ഇതുവരെ 18 ജൈവശ്രീ ബസാറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 07 |
| പത്തനംതിട്ട | 02 |
| ആലപ്പുഴ | 01 |
| തൃശ്ശൂർ | 01 |
| പാലക്കാട് | 02 |
| കോഴിക്കോട് | 02 |
| കണ്ണൂർ | 02 |
| കാസർഗോഡ് | 01 |
| **ആകെ** | **18** |

സി.) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി നടത്തിപ്പിനായി നൽകാനുദ്ദേശിക്കുന്നത്?

(സി) ഓരോ ജില്ലയിലും മൂന്ന് ജൈവശ്രീ ബസാറുകൾ വീതം തുടങ്ങുന്നതിന് 2 ലക്ഷം രൂപ വീതം സബ്സിഡി ഇനത്തിൽ അനുവദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ